# കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തിരുനെല്ലി ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്
2018-19


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ല് ഓഡിറ്റ് കാര്യാലയം,വയനാട്

e-mail:dowyd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഡബ്ള്യൂ.വൈ.ഡി .പി4-118/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്

തീയതി: 24/02/2020

തിരുനെല്ലി ഗ്രാമപഞ്ചായത്ത്

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തിരുനെല്ലി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം :- തിരുനെല്ലി ഗ്രാമപഞ്ചായത്ത് 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ്

റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

കെ.എസ്.എ ഡബ്യൃ.വൈ.ഡി പി4-118/2020

തിയതി:24/02/2020

വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 10/12/2018 മുതൽ 10/122019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 04 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും ,സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/

പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി .പി. എസ് . വസന്ത .ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 10/12/2019 മുതൽ 23/12/2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥൻ | ശ്രീ .എ.ജി.കിഷോർ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ഷാജി പി | അസി.ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി .ടി.കെ. ലത | ഓഡിറ്റർ |
| | ശ്രീമതി .ഇന്ദു കെ നായർ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.മായാദേവി | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ.എൻ അനിൽകുമാർ | 01.04.2018 മുതൽ 31.03.2019 വരെ |
| അസി.സെക്രട്ടറി | ശ്രീ.ഷാജി കെ കെ | 01.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീ.രൺദീപ് | 01.04.2018 മുതൽ 31.03.2019 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.ജവഹർ | 01.04.2018 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. ത്രേസ്യ തോമസ് | 01.04 2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(പി.എച്ച്.സി) | ഡോ. അനീസ് | 01.04.2018മുതൽ 31.03.2019 വരെ |
| | | |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ബീന ജോൺസൺ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. ആതിര | 01.04 2018 മുതൽ 31.03.2019 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീ.സന്തോഷ്. പി വി | 01.04.2018മുതൽ 31.03.2019 വരെ |
| അസി.എഞ്ചിനീയർ | ശ്രീ. ഷിനോജ് ടി വി | 01.042018 മുതൽ 31.03.2019 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ബിനോയി അഗസ്റ്റിൻ | 01.04.2018മുതൽ 31.03.2019 വരെ |

ഉള്ളടക്കം

| | | |
|---|---|---|
| | 1-1 | ബഡ്ജറ്റ് |
| 2 | 1-2 | വാർഷികധനകാര്യപത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 10 | 1-10 | വാർഷികകണക്കുകളിലെ അപാകതകൾ |
| 11 | 1-11 | ചെക്കിൽ രേഖപ്പെടുത്തിയ തുകയേക്കാൾ 48562/-രൂപ കൂടുതൽ അക്കൗണ്ടിലേയ്ക്ക് നൽകി |
| 12 | 1-12 | സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. |
| 13 | 1-13 | ക്യാഷായി പിൻവലിച്ച തുക -വിതരണം നടത്തിയില്ല. |
| 14 | 1-14 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല . |
| 15 | 1-15 | ഹരിതകർമ്മസേന- -രസീത് - പിരിച്ചെടുത്ത തുക പൂർണ്ണമായി അടവാക്കിയിട്ടില്ല. |

| | | |
|---|---|---|
| 16 | 1-16 | എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത- 29,243 രൂപ അധികം നൽകി. |
| 17 | 1-17 | കരാറുകാർ രേഖപ്പെടുത്തിയ തുകയിൽ കൂടുതൽ ചെലവഴിച്ച നടപടി ക്രമപ്രകാരമല്ല. |
| 18 | 1-18 | മുൻകൂർ കൈപ്പറ്റിയിട്ടും നാളിതുവരെ ഭവന നിർമ്മാണം ആരംഭിച്ചില്ല |
| 19 | 3-1 | എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത- 29,243 രൂപ അധികം നൽകി. |
| 20 | 4-1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 21 | 4-2 | സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം |
| 22 | 4-3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 23 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 24 | 4-5 | വായ്പ / വായ്പാതിരിച്ചടവ് |
| 25 | 4-6 | സമാഹ്യത ഓഡിറ്റ് റിപ്പോർട്ട്ഉൾപ്പെട്ട ഖണ്ഡിക |
| 26 | 4-7 | ചാർജ് /സർചാർജ് നടപടികളുടെ വിവരം |
| 27 | 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 28 | 4-9 | തീർപ്പാക്കാനുള്ള റിപ്പോർട്ടുകളുടെ വിവരം |
| 29 | അനുബന്ധം -1 | വാർഷികകണക്ക് അപാകതകൾ |
| 30 | അനുബന്ധം -2 | വാർഷിക കണക്കിലെ ന്യൂനതകളുടെ സംഗ്രഹം |
| 31 | അനുബന്ധം -3 | വാർഷികകണക്ക് സംക്ഷിപ്തം |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബഡ്ജറ്റ്

14/03/2018 തീയതിയിലെ 1 (1) തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ്09/03/2019 തീയതിയിലെ 4(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റ്

തയ്യാറാക്കുന്നതിൽ 02.12.2016 ലെ ജി.ഒ.ആർ.ടി 3291/16 (LSGD)പ്രകാരമുള്ള നടപടികൾ പാലിച്ചതായി കാണുന്നില്ല. ബഡ്ജറ്റ് തയ്യാറാക്കുന്നതിന് മുൻപ് വാർഷിക പദ്ധതി തയ്യാറാക്കിയതായോ ,പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം മേഖലാതല ഫണ്ട് വിഭജനവിവരങ്ങൾ തയ്യാറാക്കിയതായോ കാണുന്നില്ല.സാമ്പത്തികവ്രഷത്തേക്കുള്ള ബഡ്ജറ്റ് തയ്യാറാക്കുന്നതിന് കെട്ടിടങ്ങളുടെയും ഭൂമികളുടെയും ലിസ്റ്റ് ,ട്രേഡേഴ്സ് ലിസ്റ്റ്,സ്ഥാപനങ്ങളുടെ ലിസ്റ്റ് (കേ.പ.രാ.നിയമം വകുപ്പ് 205ബി) എന്നിവ തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതായോ അപ്രകാരം നികുതി /നികുതിയേതര വരവുകളുടെ എസ്റ്റിമേറ്റിന്റെ വാസ്തവികത ഉറപ്പ് വരുത്തിയതായോ കാണുന്നില്ല.

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31/05/2019 | 15/05/2019 | -------------- | ----------- |

# 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 39419605 |
| വരവ് | 184622874 |
| ആകെ | 224042479 |
| ചെലവ് | 189901145 |
| നീക്കിയിരിപ്പ് | 34141334 |

# 1-4 ഫണ്ട് വിനിയോഗം അക്കൗണ്ട് പ്രകാരം

| ഫണ്ടിനം | വരവ് | ചെലവ് |
|---|---|---|
| വികസന ഫണ്ട്-ജനറൽ | 36061448 | 36061448 |
| വികസന ഫണ്ട്-എസ്.സി.പി | 1077328 | 1077328 |
| [illegible] | | |

| | | |
|---|---|---|
| വികസന ഫണ്ട്-ടി.എസ്.പി | 23458976 | 23458976 |
| മെയിന്റനൻസ്, റോഡ് | 14144748 | 14144748 |
| മെയിന്റനൻസ്, നോൺ-റോഡ് | 5165134 | 5165134 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 16981823 | 16981823 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 253 | 405862838 | 205 | 163062135 | 6 | 48 | 81.02 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| | | | | | |
|---|---|---|---|---|---|
| ഭരണചെലവുകൾ | 39708 | 928316 | 968024 | 951044 | 16980 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 49685314 | 49685314 | 49685314 | - |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 14,400 | - |
| കർഷകതൊഴിലാളി പെൻഷൻ | 39,04,800 | 298 |
| വിധവാപെൻഷൻ | 2,31,10,400 | 1943 |
| വാർദ്ധക്യകാലപെൻഷൻ | 2,02,64,000 | 1828 |
| വികലാംഗപെൻഷൻ | 42,61,800 | 362 |
| അവിവാഹിതികളായ | 3,58,600 | - |

| | | |
|---|---|---|
| സ്ത്രീകൾക്കുള്ള പെൻഷൻ | | |
| | | |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13/12/2019ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 46,583/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13/08/2019-16/08/2019 | 2018-19<br>01/12/2018-31/03/2019 | ലഭ്യമായിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 23/06/2014-08/07/2014 | 2009-2010-2013-2014 | 27/08/2014 |

# 1-10 വാർഷികകണക്കുകളിലെ അപാകതകൾ

അപാകതകൾ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

# 1-11 ചെക്കിൽ രേഖപ്പെടുത്തിയ തുകയേക്കാൾ 48562/-രൂപ കൂടുതൽ അക്കൗണ്ടിലേയ്ക്ക് നൽകി

ജീവനക്കാരുടെ 2019 മാർച്ച് മാസത്തെ "ശമ്പളം -വേജസ്" എന്നിവ

നൽകുന്നതിനായി ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടായ തിരുനെല്ലി സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിലെ അക്കൗണ്ട് നമ്പർ 248 ൽ നിന്ന് ചെക്ക് നമ്പർ 213026/02/04/2019 പ്രകാരം 4,38,346/- രൂപ നൽകി. എന്നാൽ 02/04/2019 ൽ 486908/-രൂപയാണ് അക്കൗണ്ടിൽ നിന്നും പിൻവലിക്കപ്പെട്ടിട്ടുള്ളത്. 48562/- രൂപ അധികമായി പിൻവലിച്ചതിൽ 44,750/- രൂപ അസി.സെക്രട്ടറിയുടെ അക്കൗണ്ടിലേയക്കും, 3,812/-രൂപയും പാർട്ട് ടൈം പൗണ്ട് കീപ്പറുടെ അക്കൗണ്ടിലേയ്ക്കും ക്രഡിറ്റ് ചെയ്തു. ആയതിൽ 44,750/- രൂപ അസി.സെക്രട്ടറി തിരികെ അടവാക്കിയിട്ടുണ്ട്. എന്നാൽ 3,812/- രൂപ നാളിതുവരെ തിരിച്ച് അടവാക്കുകയോ, ക്രമീകരിക്കുകയോ ചെയ്തിട്ടില്ല. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി.നം. 5/18-19,തീയ്യതി 23/12/2019 മറുപടി ലഭ്യമാക്കിയിട്ടില്ല. തനത് ഫണ്ടിൽ ഉത്തരവാദികളായവരിൽ നിന്ന് തിരിച്ച് ഈടാക്കി അക്കൗണ്ട് ക്രമീകരിക്കേണ്ടതും ,ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

# 1-12 സ്ഥാപനങ്ങൾ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

2018-19 – സാമ്പത്തിക വർഷം തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | ഒന്നാം അർദ്ധവർഷം<br>അടവാക്കിയ തൊഴിൽ നികുതി വിശദാംശങ്ങൾ | റിമാർക്സ് |
|---|---|---|---|
| 1 | ബി.എസ്.എൻ.എൽ | 118000500015/06/09/2018-<br>3 ജീവനക്കാർ -3750/-രൂപ | സ്ഥാപന തൊഴിൽ നികുതിയും ,ജീവനക്കാരുടെ<br>രണ്ടാം അർദ്ധവർഷം |
| 2 | വൈൽഡ് ലൈഫ് റിസോർട്ട് | 118010101300/24/09/2018-<br>2 ജീവനക്കാർ -720/-രൂപ | രണ്ടാം അർദ്ധവർഷം |
| 3 | കേരള ഗ്രാമീൺ | ജീവനക്കാർ | സ്ഥാപന തൊഴിൽ |

| | | | |
|---|---|---|---|
| | ബാങ്ക് | അടവാക്കിയിട്ടുണ്ട്.<br>സ്ഥാപന തൊഴിൽ അടവാക്കിയിട്ടില്ല. | നികുതി രണ്ട് അർദ്ധ വർഷത്തേയും |

മേൽ സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി അടവാക്കാത്തതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി.നം. 6/18-19,തീയ്യതി 23/12/2019 മറുപടി ലഭ്യമാക്കിയിട്ടില്ല .മേൽ പ്രതിപാദിച്ച സ്ഥാപനങ്ങളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-13 പണമായി പിൻവലിച്ച തുക -വിതരണം നടത്തയില്ല.

തിരുനെല്ലി ഗ്രാമപഞ്ചായത്തിൽ 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 13/12/2019 ൽ ക്യാഷ് വെരിഫിക്കേഷൻ നടത്തിയപ്പോൾ ക്യാഷ് ചെസ്റ്റിൽ 44560/-രൂപ സൂക്ഷിച്ചിട്ടുണ്ട്. ആയതിൽ മെമ്പറുടെ ഹോണറേറിയം ഇനത്തിൽ 42000/-രൂപയും, അസിസ്റ്റന്റ് സെക്രട്ടറിയുടെ യാത്രാബത്തയിനത്തിലുള്ള 2560/-രൂപയും ഉൾപ്പെടെ 44560/-രൂപ നീക്കിയിരിപ്പുണ്ട്.

വിശദാദംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പണമായി മാറ്റിയ ചെക്ക് നമ്പർ / തീയതിയ/തുക | തുക | റിമാർക്സ് |
|---|---|---|---|
| 1 | 214490/-01/07/2019 - 226645/- | 7,000/- | ജ്യൂൺ - ഓണറേറിയം |
| 2 | 214531/01/08/2019 – 208450/- | 7,000/- | ജൂലൈ - ഓണറേറിയം |
| 3 | 214663/02/09/2019 – 221440/- | 7,000/- | ആഗസ്റ്റ് - ഓണറേറിയം |
| 4 | 214710/01/10/2019 | 7,000/- | സെപ്റ്റംബർ - |

| | | | |
|---|---|---|---|
| | -205220/- | | ഓണറേറിയം |
| 5 | 219164/01/11/2019 -210035/- | 7,000/- | ഒക്ടോബർ - ഓണറേറിയം |
| 6 | 222910/02/12/2019-216435/- | 7,000/- | നവംബർ - ഓണറേറിയം |
| 7 | 219183/11/11/2019 -105283/- | 2,560/- | യാത്രാബത്ത - ശ്രീ ഷാജി.കെ .കെ അസി .സെക്രട്ടറി |
| | | 44,560/- | |

1995ലെ കേരള പഞ്ചായത്ത് രാജ് (ജനപ്രതിനിധികൾക്കുള്ള ഓണറേറിയവും ബത്തകളും ) ചട്ടങ്ങളിലെ ചട്ടം 3ബി പ്രകാരം പഞ്ചായത്തിന്റെ അനുമതിയോടുകൂടി അവധി എടുക്കുന്ന ജനപ്രതിനിധികൾക്ക് അവധിയിൽ തുടരുന്ന കാലത്തേയ്ക്ക് പരമാവധി 6 മാസം വരെ ഓണറേറിയത്തിന് അർഹത ഉണ്ടായിരിക്കുന്നതാണ്. ഓണറേറിയത്തിനുള്ള അർഹത പരിഗണിക്കുമ്പോൾ പങ്കെടുക്കുന്ന മീറ്റിംഗുകൾ ആധാരമാക്കുന്നതിനു പകരം ജനപ്രതിനിധി പഞ്ചായത്തിന്റെ അനുമതിയോടുകൂടി അവധിയിലാണോ അല്ലയോ എന്ന് പരിശോധിച്ച് അർഹത തീരുമാനിക്കേണ്ടതാണ്. എന്നാൽ ശ്രീമതി. പ്രിയ കെ.എസ്. (ധ.സ്റ്റാ.ക.മെ.) അവധി അപേക്ഷിച്ചതിനുള്ള രേഖകൾ ഹാജരാക്കിയിട്ടില്ല.

എന്നാൽ ശ്രീമതി പ്രിയ കെ.ജെ (ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മെമ്പർ) അക്വിറ്റൻസ് രജിസ്റ്റർ പ്രകാരം ജ്യൂൺ മുതൽ നവംബർ മാസം വരെയുള്ള ഹോണറേറിയം കൈപ്പറ്റിയിട്ടില്ല (7,000x6=42,000/-രൂപ) കൂടാതെ യാത്രാബത്തയിനത്തിൽ ശ്രീ ഷാജി.കെ .കെ അസി .സെക്രട്ടറി 2,560/-രൂപയും ആകെ 44,560/-രൂപ ക്യാഷ് വെരിഫിക്കേഷൻ സമയത്ത് ക്യാഷ് ചെസ്റ്റിൽ സൂക്ഷിച്ചിരിക്കുന്നതായി കണ്ടെത്തിയതിനെ തുടർന്ന് 13/12/2019ലെ 119010102688 നമ്പർ രസീത് പ്രകാരം 42,000/-തിരിച്ചടച്ചത് ഉൾപ്പെടെ 51883/-രൂപ തിരുനെല്ലി സർവ്വീസ് സഹകരണബാങ്കിലെ തനത് ഫണ്ട് അക്കൗണ്ടായ അക്കൗണ്ട് നമ്പർ 248 ൽ 13/12/2019ൽ അടവാക്കിയിട്ടുണ്ട്.

ശ്രീമതി പ്രിയ കെ.എസ് ഒന്നാം വാർഡ് മെമ്പർ മേൽ പരാമർശിച്ച പ്രകാരം നാളിതുവരെ ഓണറേറിയം കൈപ്പറ്റാത്തതിന് രേഖകൾ സഹിതം വിശദീകരണം

ലഭ്യമാക്കേണ്ടതും,യാത്രാബത്ത ഇനത്തിലുള്ള തുക വിതരണം നടത്തി അറിയിക്കേണ്ടതുമാണ് എന്ന് ചൂണ്ടി കാണിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി.നം. 2/18-19,തീയ്യതി 16/12/2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

മെമ്പറുടെ ഹോണറേറിയമിനത്തിൽ പണമായി പിൻവലിച്ച തുക വിതരണം നടത്താതെ പിന്നീടുള്ള മാസങ്ങളിലും ഈയിനത്തിൽ തുക പിൻവലിക്കുകയും വിതരണം നടത്താതെ സൂക്ഷിക്കുകയുമാണ് ചെയ്തു കാണുന്നത്. ഭാവിയിൽ 1,000/- രൂപയ്ക്ക് മുകളിലുള്ള തുക പണമായി പിൻവലിക്കാതെ അർഹതപ്പെട്ടവരുടെ അക്കൗണ്ടിലേയക്ക് വിതരണം നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്,അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

# 1-14 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല .

താഴെ പറയുന്ന പ്രോജക്ടുകൾക്കായി സെക്രട്ടറി ജില്ലാ പഞ്ചായത്തിനും ,വാട്ടർ അതോറിറ്റിക്കും , ഭൂജല വകുപ്പിനും തുക കൈമാറിയിട്ടുണ്ടെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല . വിശദവിവരം ചുവടെ കൊടുക്കുന്നു .

| ക്രമ നംബർ | പദ്ധതിയുടെ പേര് , നമ്പർ | തുക | ബിൽ നമ്പർ തിയതി /തുക | തുക നൽകിയ സ്ഥാപനം |
|---|---|---|---|---|
| 1 | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ 153/19 | 4,90,000/- | 19/18-19/10/11/2018 -490000/- | കേരള വാട്ടർ അതോറിറ്റി |
| 2 | വിവിധ കോളനികളിൽ കുഴൽ കിണർ നിർമ്മാണം 163/19 | 5,30,440/- | 13/18-19/28/09/2018 -83000/-<br>20/18-19//02/02/2019-447440/- | ഭൂജല വകുപ്പ് |
| 3 | കാട്ടികുളം ഹയർസെക്കണ്ടറി | 13,00,000/- | ചെക്ക് നമ്പർ -1968142/-1300000/- | ജില്ലാ പഞ്ചായത്ത് |

| | | | | |
|---|---|---|---|---|
| | സ്കൂളിന് -സ്ഥലം വാങ്ങൽ 164/19 | | | |
| | ആകെ | 23,20,440/- | | |

23,20,440/- രൂപ രേഖകളുടെ അഭാവത്തിൽ തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

# 1-15 ഹരിതകർമ്മസേന- -രസീത് -പിരിച്ചെടുത്ത തുക പൂർണ്ണമായി അടവാക്കിയിട്ടില്ല.

2018-19 – സാമ്പത്തിക വർഷം തിരുനെല്ലി ഗ്രാമപഞ്ചായത്ത് ഹരിതകർമ്മസേനയ്ക്കായി 25രസീതുബുക്കുകൾ മാനന്തവാടി കോ-ഓപ്പറേറ്റീവ് പ്രസ്സിൽ നിന്ന് അച്ചടിച്ച് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ മുഖേന ഓരോ വാർഡുകളിലേയ്ക്കായി യൂസർഫീസ് പിരിക്കുന്നതിനായി വിതരണം നടത്തിയിട്ടുണ്ട്. രസീത് മുഖേന പിരിച്ചെടുത്ത തുക തിരുനെല്ലി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ, ഹരിതകർമ്മസേന ആന്റ് റുഖിയ സി ആന്റ് ചന്ദ്രൻ എൻ (സി.ഡി.എസ് ചെയർപേഴ്സൺ/മെമ്പർ സെക്രട്ടറി) എന്ന പേരിൽ തുടങ്ങിയ 001001012739 നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ പിരിച്ചെടുത്ത തുക പൂർണ്ണമായും അടവാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ബുക്ക് നമ്പർ / രസീത് നമ്പർ/ തീയതി | കൈപ്പറ്റിയ വാർഡ് | രസീത് മുഖേന പിരിച്ചെടുത്ത് അടവാക്കാത്ത തുക |
|---|---|---|---|
| 1 | 18/1701/22/11/2019 | 18 | 20 |
| 2 | 6/501-560 / 9/12/2019 -13/12/2019 | 15 | 1400 |
| 3 | 13/1201 -1209/20/11/2019 | 16 | 270` |
| | | | 1690/-രൂപ |

കൂടാതെ 17-ാം വാർഡിന് അനുവദിച്ച 14-ാം നമ്പർ രസീത് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി.നം. 7/18-19,തീയ്യതി 24/12/2019 മറുപടി ലഭ്യമാക്കിയിട്ടില്ല.പിരിച്ചെടുത്ത തുക സമയബന്ധിതമായി അടവാക്കേണ്ടതുമാണ്.

# 1-16 എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകത- 29,243/- രൂപ അധികം നൽകി.

വയനാട് ജില്ലയിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ നിരക്ക് കണക്കാക്കുന്നതിന് (DSR 2016) 01.04.2017 മുതൽ 43.14% , 01.10.2017 മുതൽ 38.24% പ്രകാരമാണ് Cost Index കണക്കാക്കേണ്ടിയിരുന്നത്. എന്നാൽ 24.08.2017 ന് തയ്യാറാക്കിയ അപ്പപ്പാറ പി.എച്ച്.സി മെയിന്റനൻസ് എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ Cost Index 43.14 % (വയനാട്) ന് പകരം 50.98% (കോട്ടയം) കണക്കാക്കിയതിനാൽ കരാറുകാരന് അധിക തുക നൽകിയിട്ടുണ്ട്.വിശദാംശങ്ങൾക്ക് ഖണ്ഡിക 3-1 കാണുക.

# 1-17 കരാറുകാർ രേഖപ്പെടുത്തിയ തുകയിൽ കൂടുതൽ ചെലവഴിച്ച നടപടി ക്രമപ്രകാരമല്ല.

മരാമത്ത് പ്രവൃത്തികളിൽ ടെണ്ടർ/ക്വട്ടേഷനുകളിൽ കരാറുകാർ രേഖപ്പെടുത്തിയ നിരക്കിനേക്കാൾ കൂടുതൽ തുക നൽകിയിട്ടുണ്ട്. അധികം പ്രവൃത്തി നടത്തിയതിനാലാണ് തുക നൽകിയത് എന്നാണ് വിശദീകരിച്ചിട്ടുള്ളത്. ഇത് വർക്ക് സ്ലിപ്പിൽ രേഖപ്പെടുത്തി ഭരണാനുമതി തുകയിൽ നിജപ്പെടുത്തിയാണ് തുക കരാറുകാർക്ക് അനുവദിക്കുന്നത്. ഇത് ക്രമപ്രകാരമല്ല. തയ്യാറാക്കിയ എസ്റ്റിമേറ്റിൽ ലംപ്സം തുക വകയിരുത്തുകയും ഈ തുകയ്ക്കും പ്രവൃത്തി ചെയ്ത് ബിൽ തയ്യാറാക്കി നൽകുകയാണ് ചെയ്ത് വരുന്നത്. ജി.എസ്.ടി യ്ക്കായി വകയിരുത്തിയ തുകയാണ് ഇത്തരത്തിൽ ചെലവഴിക്കുന്നത്. യഥാർത്ഥത്തിൽ ജി.എസ്.ടി പ്രവൃത്തി ബില്ലിൽ നിന്നും പിടിക്കുന്നുമില്ല. ലംപ്സം ഒഴികെയുള്ള തുകയാണ് കരാറുകാരൻ രേഖപ്പെടുത്തുന്നത്. ഈ തുകയാണ് കരാറുകാരന് നൽകാവുന്ന പരമാവധി തുക. എന്നാൽ കരാറുകാരൻ രേഖപ്പെടുത്തിയ തുകയേക്കാൾ അധികം നൽകിയ പ്രവൃത്തികളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ.നം | പ്രോജക്ടിന്റെ നമ്പർ / പേര് | കരാർ തുക | അനുവദിച്ച തുക | അധികം നൽകിയ തുക |
|---|---|---|---|---|
| 1 | 79/18<br>ചെങ്ങോട്ട് കുന്ന് ഓലഞ്ചേരി റോഡ് ടാറിംഗ് | 8,79,464 | 9,23,000 | 43,536 |
| 2 | 48/18<br>തിമ്മൻ കോളനി റോഡ് റീടാറിംഗ് | 4,64,182 | 4,99,816 | 35,634 |
| 3 | 181/18<br>തോൽപ്പെട്ടി നരിക്കൽ റോഡ് റീടാറിംഗ്, പാച്ച് വർക്ക് | 3,95,270 | 4,00,000 | 4,730 |
| 4 | 42/18 കാനഞ്ചേരി വയലിങ്കൽ റോഡ് ടാറിംഗ് | 4,52,361 | 5,00,000 | 47,639 |
| 5 | 26/18<br>കോളിച്ചോട് റീടാറിംഗ് | 4,54,253 | 4,68,440 | 14,187 |
| 6 | 37/18<br>തൃശ്ശിലേരി മക്കച്ചിറ അമ്പലം റോഡ് ടാറിംഗ് | 7,37,178 | 8,00,000 | 62,822 |
| 7 | 41/18<br>തൃശ്ശിലേരി കാറ്റാടി അമ്പലം റോഡ് റീടാറിംഗ് | 7,46,814 | 7,91,851 | 45,037 |
| 8 | 86/18<br>എൽ.പി.സ്കൂൾ തെക്കിനി റോഡ് റീടാറിംഗ് | 4,52,489 | 5,00,000 | 47,511 |
| | ആകെ | | | 3,01,096 |

എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ലംപ്സം തുകയാണ് കരാറുകാർക്ക് അധികം നൽകിയിട്ടുള്ളത്. ഇത്തരത്തിൽ തുക അനുവദിക്കുന്നതിന് വർക്കിംഗ് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും അംഗീകാരം വാങ്ങേണ്ടതുമാണ്. ഇത്തരത്തിലുള്ള അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

## 1-18 മുൻകൂർ കൈപ്പറ്റിയിട്ടും നാളിതുവരെ

# ഭവന നിർമ്മാണം ആരംഭിച്ചില്ല

വി.ഇ.ഒ 2018-19 ൽ നടപ്പാക്കിയ വിവിധ ഭവന പദ്ധതികൾക്ക് ഗുണഭോക്താക്കൾക്ക് മുൻകൂർ നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ ഭവന നിർമ്മാണം ആരംഭിച്ചിട്ടില്ല.വിശദാംങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം | പദ്ധതിയുടെ പേര് | ഗുണഭോക്താവിന്റെ പേര് | കരാറിലേർപ്പെട്ട തീയതി | മുൻകൂർ നൽകിയതിന്റെ വിശദാംശങ്ങൾ |
|---|---|---|---|---|
| 1. | ലൈഫ് ഭവനപദ്ധതി - രണ്ടാം ഘട്ടം ( പട്ടികവർഗ്ഗം )(പ്രോജക്ട് നമ്പർ - 140/19 ) | സുനിത രമേശൻ, മല്ലികപ്പാറ കോളനി ,തോൽപ്പെട്ടി | 9.10.2018 | 90,000/- ചെക്ക് നമ്പർ -1968135/22.12.2018 |
| 2 | | ജാനു ബാലൻ,മദ്ധ്യപ്പാടി കോളനി, അരണപ്പാറ | 9.8.2018 | 90,000/- ബിൽ നമ്പർ 14/18-19/ 31.10.2018 |
| 3 | | നിന്ധു കോട്ടിയൂർ കോളനി | 13.09.2018 | 90,000/- ബിൽ നമ്പർ 18/18-19/ 28.11.2018 |
| 4 | അഗതി -ആശ്രയ വീട് വാസയോഗ്യമാക്കൽ (പ്രോജക്ട് നമ്പർ - 48/19 ) | കയ്യു,ആക്കൊല്ലി കോളനി | -- | ബിൽനമ്പർ - 33/18-19/27.12.2019, 50000/- രൂപ |

മുൻകൂർ നൽകിയിട്ടും ഭവനനിർമ്മാണം ആരംഭിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടതിന് (ഓഡിറ്റ് എൻക്വയറി 9/18-19/24.12.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. ഭവന നിർമ്മാണം ആരംഭിക്കാത്ത പക്ഷം മുൻകൂർ തുക തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ

# അപാകത- 29,243 രൂപ അധികം നൽകി.

വയനാട് ജില്ലയിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ നിരക്ക് കണക്കാക്കുന്നതിന് (DSR 2016) 01.04.2017 മുതൽ 43.14% , 01.10.2017 മുതൽ 38.24% പ്രകാരമാണ് Cost Index കണക്കാക്കേണ്ടിയിരുന്നത്. എന്നാൽ 24.08.2017 ന് തയ്യാറാക്കിയ അപ്പപ്പാറ പി.എച്ച്.സി മെയിന്റനൻസ് എന്ന പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ Cost Index 43.14% (വയനാട്) ന് പകരം 50.98% (കോട്ടയം) കണക്കാക്കിയതിനാൽ കരാറുകാരന് അധിക തുക നൽകിയിട്ടുണ്ട്. പദ്ധതിയുടെ വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| 1. പ്രോജക്ട് നം | S-255/19 |
| 2. പ്രോജക്റ്റിന്റെ പേര് | അപ്പപ്പാറ പി.എച്ച്.സി. മെയിന്റനൻസ് |
| 3. അടങ്കൽ | 3,73,000 (മെയിന്റനൻസ് -റോഡിതരം) |
| 4. ബിൽ നം/തിയ്യതി | 13/30.07.2018 |
| 5.ഭരണാനുമതി | 1/18 തിയ്യതി 14.03.18 |
| 6. സാങ്കേതികാനുമതി | 63828/2017-18/24.08.2017 |
| 7. എഗ്രിമെന്റ് നം | AE/LSGD/TNLY/66/17-18/31.01.2018 |
| 8. അളവ് പുസ്തകം | 11/17-18/ 1-30 പേജ് |
| 9. കോൺട്രാക്റ്ററുടെ പേര് | ബാബു. എൻ.വി |
| 10. അളവ് മൂല്യം | 3,73,000/- |

ആകെ അടങ്കലിന്റെ 7.84% ( 50.98-43.14) രൂപ 29,243/- രൂപ അധികം കരാറുകാരന് നൽകിയിട്ടുണ്ട്. അപാകതകൾ സംബന്ധിച്ച് വിശദീകരണം നൽകുന്നതിന് ഓഡിറ്റ് എൻക്വയറി നം.4/18-19/19.12.2019 ന് നൽകിയ മറുപടിയിൽ തുക തിരിച്ചടക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുക തിരിച്ചടവ് വരുത്തി അറിയിക്കേണ്ടതാണ്.

## <u>ഭാഗം -4</u>

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2018-19 | 27/05/2019 മുതൽ28/05/2019. വരെ | നം.കെ.എസ്.എ.(ഡബ്ല്യൂ.വൈ.ഡി.)പി4-459/19 /28/08/2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 10'00,000 | നെൽകൃഷി കൂലി ചെലവ് സബ്സിഡി നമ്പർ 103/19 | 10'00,000 | |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 1500000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 1353915 | 146085 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 1200000 | നെൽകൃഷി കൂലി ചെലവ് സബ്സിഡി നമ്പർ 103/19 | 1200000 | |
| ജില്ലാ പഞ്ചായത്ത് | 2018-19 | 490000 | ക്ഷീര കർഷകർക്ക് | 490000 | |

| | | | പാലിന് സബ്സിഡി | | |
|---|---|---|---|---|---|

# 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

2018-19 സാമ്പത്തികവർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വിവിധ കോളനികളിൽ കുടിവെള്ള പൈപ്പ് ലൈൻ | | 4,90,000 | 0 | 4,90,000 |
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | വിവിധ കോളനികളിൽ കുഴൽ കിണർ നിർമ്മാണം | | 5,30,420 | 0 | 5,30,420 |

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

2018-19 സാമ്പത്തിക വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകകളൊന്നും നൽകിയിട്ടില്ല.

# 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ

അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| കെ.യു.ആർ.ഡി.എഫ്.സി | | 7504768 | 2052835 | | | 1996316 |
| റൂറൽ ഹൗസിംഗ് സ്കീം | | 26200000 | 18314000 | 3686000 | | 18314000 |

ഗ്രാമപഞ്ചായത്തിൽ നിന്നും വായ്പ രജിസ്റ്റർ പ്രകാരം ലഭ്യമാക്കിയ തുകകളാണ് ഖണ്ഡികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. പ്രവസ്തുത കണക്കുകൾ വാർഷിക കണക്കുമായും, മുൻ ഓഡിറ്റ് റിപ്പോർട്ടുമായും പൊരുത്തപ്പെടുന്നില്ല. യഥാർത്ഥ കണക്കുകൾ തയ്യാറാക്കി രേഖകൾ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

# 4-6 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്ഉൾപ്പെട്ട ഖണ്ഡിക

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16, 2016-2017 | | 2017-18 | അനുബന്ധം-5 ക്രമ നം. 5 | ബാവലി കുടിവെള്ള പദ്ധതി നിർവ്വഹണ ഏജൻസിയുമായി നിയമാനുസൃതകരാർ ചമയ്ക്കാത്തത് | 2017-18 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിന് മറുപടി നൽകിയിട്ടുണ്ട്. |
| പ്രവർത്തന ക്ഷമതാ | | 2015-16 – 3.6.2 | | പട്ടിക വർഗ്ഗ വിഭാഗക്കാർക്ക് | കേരള നിയമസഭ മുമ്പാകെ റിപ്പോർട്ട് |

| | | | | | |
|---|---|---|---|---|---|
| ഓഡിറ്റ് റിപ്പോർട്ട് | | 3.7.1-3.7.11 | | അടിസ്ഥാന സൗകര്യമൊരുക്കൽ എസ്.സി.പി., ടി.എസ്.പി. പ്രവൃത്തികളുടെ നിർവഹണം, പദ്ധതി നിർവ്വഹണം മാർഗ്ഗരേഖ | സമർപ്പിച്ചിരിക്കുന്നു. |
| 2015-16-2-5 | | 2016-17 – 2.5 | | തൊഴിൽ നികുതി | നിലനിൽക്കുന്നു. |

# 4-7 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 224042479 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 189901145 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ---- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 29243/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2320440/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 29243/- | ശ്രീ. ഷിനോജ് ടി.വി |

| | | | |
|---|---|---|---|
| | | | .അസി.എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 23,20,440/- | ശ്രീ.എൻ.അനിൽകുമാർ, സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
--ഇല്ല--

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ഷിനോജ് ടി.വി. അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ പനമരം ഗ്രാമപഞ്ചായത്ത് | തുടിയൻ പറമ്പിൽ ഹൗസ് പയ്യംമ്പള്ളി പിഒ മാനന്തവാടി-670646 |
| ശ്രീ.എൻ അനിൽകുമാർ<br>സെക്രട്ടറി തിരുനെല്ലി ഗ്രാമപഞ്ചായത്ത് | സെക്രട്ടറി തിരുനെല്ലി ഗ്രാമപഞ്ചായത്ത് | പെരുങ്കോട്ട് വീട് മാനന്തവാടി |

# 4-9 തീർപ്പാക്കാനുള്ള റിപ്പോർട്ടുകളുടെ

# വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1996-97 | എൽ.എഫ്.(ഡ്ബ്ളൃ).പി.5./622(2)/14 18.04.15 |
| 1998-99 | എൽ.എഫ്.(ഡ്ബ്ളൃ)പി5/622(4)/14/18.04.15 |
| 2001-02 | എൽ.എഫ്.(ഡ്ബ്ളൃ)പി 3/184/07 13.6.2005 |
| 2001-02 | എൽ.എഫ്.(ഡ്ബ്ളൃ)പി3/.547/07 05.02.2008 |
| 2002-03 | എൽ.എഫ്.(ഡ്ബ്ളൃ) പി 5./622(7)/14 18.04.15 |
| 2003-04 | എൽ.എഫ്.(ഡ്ബ്ളൃ) പി 5. 622(8)/14 18.04.15 |
| 2005-06 | എൽ.എഫ്.(ഡ്ബ്ളൃ)പി5/622(10)/14 18.04.15 |
| 2006-07 | എൽ.എഫ്.(ഡ്ബ്ളൃ)പി 5 /622(11)/14 18.04.15 |
| 2007-08 | എൽ.എഫ്.(ഡ്ബ്ളൃ)പി 5/ 622(12)/14 18.04.15 |
| 2008-09 | എൽ.എഫ്.(ഡ്ബ്ളൃ)പി 5/ 622(13)/14 18.04.15 |
| 2009-10 | എൽ.എഫ്.(ഡ്ബ്ളൃ)പി 5/ 622(14)/14 18.04.15 |
| 2010-11 | എൽ.എഫ്.(ഡ്ബ്ളൃ)പി 5 /622(15)/14 18.04.15 |
| 2011-12 | എൽ.എഫ്.(ഡ്ബ്ളൃ)പി 5/622(16)/14 18.04.15 |
| 2012-13 | എൽ.എഫ്.(ഡ്ബ്ളൃ)പി 5/ 713/14 22.12.2014 |
| 2013-14 | കെഎസ്എഡബ്ല്യൂ.വൈ.ഡി.-പി4/478/15/10.08.2015 |
| 2014-15 | കെ.എസ്.എ.ഡബ്ല്യൂ.വൈ.ഡി.-പി4/372/2016 |
| 2015-16 | കെ.എസ്.എ.ഡബ്ള്യൂ.വൈ.ഡി.പി4/848/16/05.12.2016 |
| 2016-17 | കെ.എസ്.എ.ഡബ്ള്യൂ.വൈ.ഡി.പി4/367/17 24.07.2017 |
| 2017-18 | കെ.എസ്.എ ഡബ്ല്യൂ.വൈ.ഡി . പി4-40/2019<br><br>07/01/2019 |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്.

# <u>അനുബന്ധം -1</u> <u>വാർഷികകണക്ക്</u>

# <u>അപാകതകൾ</u>

നം.കെ.എസ്.എ.ഡബ്ല.വൈ.ഡി.പി4-118 /2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

വയനാട്, കൽപ്പറ്റ,

പിൻ -673121

തിയ്യതി : 24/02/2020

Phone- 04936 203672

Email- dowyd.ksad@kerala.gov.in.

<u>സാക്ഷ്യപത്രം</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിൻെറ 4 -ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പും ബന്ധപ്പെട്ട ചട്ടങ്ങളും അനുസരിച്ചും പഞ്ചായത്ത് രാജ്/നഗരപാലിക സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ അവലംബിച്ചും വയനാട് ജില്ലയിലെ തിരുനെല്ലി ഗ്രാമ പഞ്ചായത്തിന്റെ 31/03/2019-ൽ അവസാനിച്ച വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെൻറിൻെറ പരിശോധന നിർവ്വഹിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ സാക്ഷ്യപത്രത്തിൻെറ അന്യത്ര കൊടുത്തിട്ടുള്ള ന്യൂനതകൾ ഒഴികെ എൻെറ അഭിപ്രായത്തിൽ തിരുനെല്ലി ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ധനകാര്യ സ്റ്റേറ്റ്മെൻറ് വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് ഓഡിറ്റ് കാര്യാലയം, വയനാട്.

# അനുബന്ധം -2 വാർഷിക കണക്കിലെ ന്യൂനതകളുടെ സംഗ്രഹം

1.2017-18 വർഷത്തെ വാർഷിക കണക്കിലെ RP-32, വരവ്, ചെലവ് ഭാഗം പൊരുത്തപ്പെടുന്നില്ല. അപാകതകളിൽ 2, 5, 6, 7, 9, 10 എന്നിവ പരിഹരിച്ചിട്ടില്ല.

2. ഓഡിറ്റിനായി സമർപ്പിച്ച വാർഷിക കണക്ക് 04/04/2018 മുതൽ 31/03/2019 വരെയുള്ളതാണ്. ആയതിനാൽ യഥാർത്ഥ ഡിമാൻറും, വാർഷിക കണക്കിലെ ഡിമാൻറും പൊരുത്തപ്പെടുന്നില്ല.

3. ലോൺ രജിസ്റ്ററും, വാർഷിക കണക്കിലെ മുൻബാക്കി, വരവ്, ചെലവ് നീക്കിബാക്കി എന്നിവ പൊരുത്തപ്പെടുന്നില്ല.

4. Stale ചെക്ക് ബാദ്ധ്യത ഹെഡ് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. പിരിഞ്ഞ് കിട്ടാനുള്ള നികുതി കുടശ്ശികയ്ക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

6. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റിൽ രേഖപ്പെടുത്തിയിട്ടുള്ള ഫിക്സഡ് അസറ്റ്സിൻെറ മൂല്യത്തിൻെറ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

7. Sale of Tender രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

8. നോട്ട്സ് ഓൺ അക്കൗണ്ട്സും അടിസ്ഥാന അനുപാതങ്ങളും AFSൻെറ കൂടെ ഹാജരാക്കിയിട്ടില്ല.

9. തൻവർഷം Deprecessiation AFS-ൽ ഉൾപ്പെടുത്തിയിട്ടില്ല.

10. വസ്തു നികുതി ഡിമാന്റ്, കളക്ഷൻ എന്നിവ വാർഷിക കണക്കിലെ തുകകളും സഞ്ചയ സോഫ്റ്റ് വെയറിലെ കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| വസ്തു നികുതി ഡിമാൻറ് | തുക | കളക്ഷൻ |
|---|---|---|
| | | |

| | | |
|---|---|---|
| വാർഷിക കണക്ക് പ്രകാരം | 70,135 | 38,82,431 |
| സഞ്ചയ പ്രകാരം | 40,38,210 | 39,81,170 |

**11.**സഞ്ചയ സോഫ്റ്റ് വെയറിലേയ്ക്ക് മാറുന്നതിന് മുൻപുള്ള നികുതി നിർണ്ണയ രജിസ്റ്റർ കാലികമാക്കി തൻവർഷ - കുടിശ്ശിക ഡിമാന്റ് വിവരം ക്രമപ്പെടുത്തിയതിന്റെ രേഖകൾ ലഭ്യമല്ല.

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് ഓഡിറ്റ് കാര്യാലയം, വയനാട്.

കൽപ്പറ്റ,
24/02/2020

# അനുബന്ധം -3 വാർഷികകണക്ക് സംക്ഷിപ്തം

THERUNELLY GRAMA PANCHAYATH

RECEIPT & PAYMENT STATEMERNT

For the period form 01-APRIL 2018 to 31- March 2019

| Code No | DescriptionOF Items | Schedule No | Ammount |
|---|---|---|---|
| | RECEIPTS | | |
| - | Opening Balance | | |
| - | Bank | RP -40(a) | 39309592 |
| - | Cash | RP -40(b) | 110013 |
| - | Operating | | |
| 110000000 | Tax Revenue | RP -1 | 1548645 |
| | | | |

| | | | |
|---|---|---|---|
| 130000000 | Rental income from Panchayat Properties | RP 3 | 653400 |
| ~~140000000~~ | Fees& User Charges | ~~RP - 4~~ | ~~418408~~ |
| 150000000 | Sale&Hire Charges | RP -5 | 517955 |
| 160000000 | Revenue Grants, Funds ,Contribution &Compensation | RP -7 | 105626846 |
| 171000000 | Interest Earned | RP -9 | 649769 |
| 320000000 | Grants, Funds ,Contribution For Specific Purpose | RP -31 | 36699347 |
| 350000000 | OtherLiabilities | RP-36 | 267003 |
| - | Non Liabilities | | |
| 180000000 | Other Income | RP-10 | 641387 |
| 311000000 | Earmarked Funds | RP-29 | 1750 |
| 330000000 | Secured Loans | RP-32 | 29925056 |
| 340000000 | Dposits Received | RP-34 | 2396389 |
| 350000000 | Other Liabilities | RP-36 | 321473 |
| 431000000 | Sundry Debtors (Receivables) | RP-43 | 4940446 |
| 460000000 | Loans , Advance and Deposits | RP-47 | 15000 |
| - | Grand Total | | 224042479 |
| - | PAYMENT | | |
| - | Operating | | |
| 210000000 | Eastablisehment Expenses | RP-11 | 4669990 |
| 220000000 | Administrative Expenses | RP-12 | 3659131 |
| 230000000 | Operation & Maintenance | RP-13 | 6133856 |
| 250000000 | Decentralised Plan Programme – Productive Sectors | RP-15 | 12570026 |
| 251000000 | Decentralised Plan Programme – Service Sectors | RP-16 | 95390474 |
| 252000000 | Decentralised Plan Programme – Infrastructure Sectors | RP-17 | 4478110 |
| | | | |

| | | | |
|---|---|---|---|
| 253000000 | Decentralised Plan Programme-Projects not included in Sector Devission | RP-18 | 696782 |
| 254000000 | Expenditures of Transferred Institution and State Sponsored Schemes | RP-19 | 392031 |
| 255000000 | Maintenance Projects | RP-20 | 2085227 |
| | | | |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 10000 |
| 260000000 | Grant , Contributions and Compensation from Own Fund | RP-22 | 524000 |
| 320000000 | Grants , Funds & contribution for Specific Purposes | RP-31 | 576668 |
| 350000000 | Other Liabilities | RP-36 | 5658773 |
| - | NON OPERATING | | |
| 240000000 | Interest & Finance Charges | RP-14 | 433364 |
| 331000000 | Earmarked Funds | RP-29 | 7520 |
| 330000000 | Secured Loans | RP-32 | 5349659 |
| 340000000 | Deposits Received | RP-34 | 2989094 |
| 350000000 | Other Liabilities | RP-36 | 2304085 |
| 410000000 | Fixed Assets | RP-38 | 6230497 |
| 412000000 | Capital Work in Progress | RP-40 | 15004758 |
| 460000000 | Loans , Advance and Deposits | RP-47 | 1970053 |
| - | Closing Balance | | |
| Bank | Bank | RP-40(b) | 34041061 |
| Cash | Cash | RP-40(b) | 100273 |
| | GRAND TOTAL | | 224042479 |

BALANGE SHEETFor The Period Form 01-April 2018 to 31 March 2019

| Code No | Description of Items | ScheduleNo | Ammount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayath& Muncipal Fund | B-1 | 21867282 |
| 311000000 | Earrmarked Funds-Special Funds / Sinking Fund / Trust or Agency Fund | B-2 | 24300 |
| 312000000 | Reserves | B-3 | 153576795 |
| | Total Reserve & Surplus | | 131733813 |
| | Grants & Contribution for Specific Purposes | | |
| 32000000 | Grants & Contribution for Specific Purposes | B-4 | 30685127 |
| | Total Grants & Contribution for Specific Purposes | | 30685127 |
| | | | |
| | Loans | | |
| 330000000 | Secured Loans | B-5 | 54813815 |
| | Total Loans | | 54813815 |
| | Current Liabilities & | | |

| | | | |
|---|---|---|---|
| | Provissions | | |
| 340000000 | Deposits Received | B-7 | 1727296 |
| 341000000 | Deposits Works | B-8 | 6000 |
| 350000000 | Other Liabilities | B-9 | 1836262 |
| 360000000 | Provission | B-10 | 00 |
| | Total Current Liabilities & Provissions | | 3569558 |
| | TOTAL LIABILITIES | | 220802313 |
| | ASSESTS | | |
| | Fixed Assests | | |
| 410000000 | Fixed Assests | B-11 | 145020942 |
| 411000000 | Accumulated Deperection | B-11 | -5633148 |
| 412000000 | Capital Work in Pogress | B-11(a) | 31617350 |
| | Total Fixed Assests | | 171005144 |
| | Investments | | |
| | Current ,Assets , Loans and Advances | | |
| 430000000 | Stock -in-Hand | B-14 | 161730 |
| 431000000 | Sundry Debtors(Receivables) | B-15 | 168574 |
| 432000000 | Accumulated Provission Aganist Debtors(Receivables) | B-15 (a) | -77743 |
| 440000000 | Pre-paid Expenses | B-16 | 13147650 |
| 450000000 | Cash and Bank Balance | B-17 | 34141334 |
| 460000000 | Loans , Advances and Deposits | B-18 | 2255624 |
| | | | |

| | | | |
|---|---|---|---|
| | TOTALCurrent ,Assets , Loans and Advances | | -77743 |
| | TOTALCurrent ,Assets , Loans and Advances | | 49874912 |
| | Other Assets | | |
| | TOTALASSETS | | 220802313 |

Deputy Director